DESPATCHED
On..17/2/23.

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 1079*(2)/2020*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **8027**/*എസ്.ഐ.സി-ജി 6/20*)

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**ശ്രീ.ആർ. അനിൽ രാമച്ചംകുഴിപ്പറമ്പിൽ,**
**തെ.ചിറ്റൂർ പി.ഒ.,**
**കൊച്ചി – 682 027.** } **അപ്പീൽ ഹർജിക്കാരൻ**

**Vs**

1. **സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&**
**സെക്രട്ടറി,**
**ചേരാനല്ലൂർ ഗ്രാമപഞ്ചായത്ത് ഓഫീസ്,**
**സൗത്ത് ചിറ്റൂർ പി.ഒ., എറണാകുളം – 682 027.**

2. **അപ്പീൽ അധികാരി&**
**പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ,**
**പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ ഓഫീസ്,**
**എറണാകുളം.**

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 10.03.2020 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 04.04.2020 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 04.05. 2020 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 29.05. 2020 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 08.08.2020 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 19.08.2020 |
| ഹിയറിംഗ് നടന്ന തീയതി | 10.01.2023, ആലുവ പാലസ് ഗസ്റ്റ് ഹൗസ് കോൺഫറൻസ് ഹാൾ, എറണാകുളം |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നു.<br>ഹാജരായിരുന്നു. |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്കും ഒന്നാം അപ്പീലിനും ലഭിച്ച മറുപടി തൃപ്തികരമല്ലെന്നാണ്.

2. അപ്പീൽ ഹർജിക്കാരൻ 10.03.2020ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, 13.01.2020ൽ ടിയാൻ നൽകിയ (C4/256/20dtd 14/01/2020 പ്രകാരമുള്ള) RTI 6(1) അപേക്ഷയിൽ,

1) ചോദ്യം 1ൽ സൂചിപ്പിച്ചിരിക്കുന്ന കാലയളവിൽ ടി ഓഫീസിലെ ഡെസ്പാച്ച് കം സ്റ്റാമ്പ് അക്കൗണ്ട് രജിസ്റ്ററിന്റെ ഉത്തരവാദിത്വം വഹിച്ചിരുന്ന ഓരോ ഉദ്യോഗസ്ഥരുടെയും കാലയളവുകൾ പ്രത്യേകമായി രേഖപ്പെടുത്തിക്കൊണ്ടുള്ള വിവരം അനുവദിച്ചു നൽകണമെന്നും

2) മേൽപ്പടി അപേക്ഷയിൽ ചോദ്യം 2ൽ സൂചിപ്പിച്ചിരുന്ന ഓരോ ഫയലുകളും കൈകാര്യം ചെയ്തിരുന്ന ഉദ്യോഗസ്ഥരുടെ പേരുകൾ പ്രത്യേകമായി രേഖപ്പെടുത്തിക്കൊണ്ടുള്ള വിവരം അനുവദിച്ച് നൽകണമെന്നും

3) ചേരാനല്ലൂർ പഞ്ചായത്തിലെ 9-ാം വാർഡിൽ 214-ാം നമ്പർ കെട്ടിടത്തിന്റെ 2008 മുതൽ 2014 വരെയുള്ള ഉടമസ്ഥനും കൈവശക്കാരനും ആരാണെന്നും ടി കാലയളവിലെ പഞ്ചായത്തിലെ മേൽ കെട്ടിടത്തെ സംബന്ധിച്ച കെട്ടിട നികുതി അസസ്മെന്റ് രജിസ്റ്ററിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് അനുവദിച്ച് നൽകണമെന്നും തുടങ്ങി 5 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

ആയതിന് 04.04.2020ന് മറുപടി നൽകിയതായി കാണുന്നു.

3. ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച ഒന്നാം അപ്പീലിന് 29.05.2020ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്, ചേരാനല്ലൂർ ഗ്രാമപഞ്ചായത്ത് എസ്.പി.ഐ.ഒ.യ്ക്ക് 10.03.2020ന് സമർപ്പിച്ച അപേക്ഷ നിരസിച്ചുവെന്ന് കാണിച്ച് 08.05.2020ന് ടി ആഫീസിൽ അപ്പീൽ സമർപ്പിച്ചിരുന്നുവെന്നും അപ്പീൽ അധികാരി 11.05.2020ന് എസ്.പി.ഐ.ഒ.യോട് റിപ്പോർട്ട് ആവശ്യപ്പെട്ടതിന് 16.05.2020ന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടെന്നുമാണ്.

അപ്പീൽ വാദി സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ട ചേരാനല്ലൂർ ഗ്രാമപഞ്ചായത്തിലെ 9-ാം വാർഡിലെ 214-ാം നമ്പർ കെട്ടിടവുമായി ബന്ധപ്പെട്ട വിവരങ്ങളും ടി കെട്ടിടത്തിന്റെ നികുതി അടയ്ക്കാത്തതുമായി ബന്ധപ്പെട്ട് സ്വീകരിച്ച ജപ്തി നടപടികളുടെ വിവരങ്ങളുമാണെന്നും ടി അപേക്ഷ നിരസിച്ചുവെന്നാണ് അപ്പീൽവാദി ആക്ഷേപം ഉന്നയിച്ചിട്ടുള്ളതെന്നുമാണ്.

എസ്.പി.ഐ.ഒ. നൽകിയ റിപ്പോർട്ടും അതോടൊപ്പമുള്ള ഡെസ്പാച്ച് രജിസ്റ്ററിന്റെ പകർപ്പും പരിശോധിച്ചതിൽ 04.04.2020ന് അപ്പീൽവാദിയ്ക്ക് മറുപടി

അയച്ചു നൽകിയതായി കാണുന്നുവെന്നും ആയത് വിവരാവകാശ നിയമം സെക്ഷൻ 7(1) പ്രകാരമുള്ള നിശ്ചിത സമയപരിധിയ്ക്കുള്ളിലാണെന്ന് അപ്പീൽ അധികാരി നിരീക്ഷിച്ചുവെന്നാണ്. പ്രസ്തുത റിപ്പോർട്ടിനോടൊപ്പം സമർപ്പിച്ചിട്ടുള്ള മറുപടിയുടെ പകർപ്പ് പരിശോധിച്ചതിൽ നൽകിയിട്ടുള്ള മറുപടി തൃപ്തികരമാണെന്ന് അപ്പീൽ അധികാരി വിലയിരുത്തുകയും എന്നാൽ വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷ നിരസിച്ചുവെന്ന ആക്ഷേപം നിലനിൽക്കുന്ന സാഹചര്യത്തിൽ ടി ഉത്തരവ് ലഭിച്ച് 5 ദിവസത്തിനുള്ളിൽ മറുപടിയുടെ പകർപ്പ് രജിസ്റ്റേർഡ് തപാലിൽ അപ്പീൽ ഹർജിക്കാരന് അയച്ചുകൊടുക്കുന്നതിന് എസ്.പി.ഐ.ഒ.യ്ക്ക് നിർദ്ദേശം നൽകി അപ്പീൽ തീർപ്പാക്കി ഉത്തരവായെന്നുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെയും കേട്ടതിലും ഹർജിക്കാരന് മറുപടി നൽകിയിട്ടുണ്ടെന്ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ഹർജിക്കാരൻ സമർപ്പിച്ച അപേക്ഷയ്ക്കും ഒന്നാം അപ്പീലിനും തൃപ്തികരമായ മറുപടി ലഭിച്ചില്ലെന്നാണ് ടിയാൻ ആക്ഷേപമുന്നയിച്ചിരിക്കുന്നത്. മൊഴിയും അനുബന്ധരേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ അപേക്ഷയിലെ 4-ാമത്തെ ചോദ്യത്തിന് വ്യക്തമായ മറുപടി നൽകണമെന്ന് ഒന്നാം എതിർകക്ഷിയ്ക്ക് കമ്മീഷൻ നിർദ്ദേശം നൽകുന്നു.

5. മേൽ നിർദ്ദേശപ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2023 ജനുവരി 23-ാം തീയതി കമ്മീഷൻ ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)
Ge/